പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2337** **5-12-2018 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സജി ചെറിയാൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവും സുതാര്യവും ആക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>•ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ലീഗൽ മെട്രോളജി വകുപ്പിന്റെ ഇൻസ്പെക്ടറാഫീസുകൾ അനുവദിക്കുകയും വകുപ്പിൽ 63 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br>•നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.<br>•വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ രജിസ്ട്രേഷൻ തുടങ്ങിയവ ഓൺലൈനായി ലഭ്യമാക്കുന്നതിന് ലീഗൽ മെട്രോളജി ഓപ്പേറഷൻ മാനേജ്മെന്റ് സിസ്റ്റം(LMOMS) പദ്ധതിയിലൂടെ നടപ്പിലാക്കി.<br>•പൊതു ജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും ടോൾ ഫ്രീ നമ്പറോടു കൂടി കാൾ സെന്റർ ആരംഭിച്ചിട്ടുണ്ട്.<br>•നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തി. ആയതിലൂടെ പരാതിക്കാരന്റെ ഏറ്റവും അടുത്തുള്ള നിർവ്വഹണ ഉദ്യോഗസ്ഥന് വ്യാപാര സ്ഥാപനം പരിശോധിച്ച് പരാതിയ്ക്ക് പരിഹാരം കാണാവുന്നതാണ്.<br>•ലീഗൽ മെട്രോളജി വകുപ്പിൽ ഐ.ടി.സെൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | •ആരോഗ്യ മേഖലയിൽ ഉപയോഗിച്ചു വരുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി മിന്നൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.<br>•പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് രാത്രി കാല മിന്നൽ പരിശോധനകൾ ആരംഭിച്ചു.<br>•ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഓരോ മേഖലയും കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകൾ നടത്തി വരുന്നുണ്ട്.<br>•നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നുണ്ട്.<br>•ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാൻമാരാക്കുന്നതിനായി എഫ്.എം റേഡിയോയിലൂൾപ്പെടെ പരസ്യങ്ങൾ നൽകി വരുന്നു. |
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ലീഗൽ മെട്രോളജി വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വിശദമാക്കാമോ? | (ബി) | ഉപഭോക്തൃ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, സ്റ്റാമ്പിംഗ് ജോലികൾ, മറ്റ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, മറ്റ് ഓഫീസ് ജോലികൾ എന്നിവ കുടിശ്ശിക വരാതെ കൃത്യമായി നിർവഹിച്ചു വരുന്നു. പെട്രോൾ പമ്പുകൾ, ജ്യൂവലറികൾ തുടങ്ങി എല്ലാ വ്യാപാരസ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. ചെങ്ങന്നൂർ, ശബരിമല ഇടത്താവളമായതിനാൽ മണ്ഡലകാലത്ത് ഉപഭോക്തൃ ചൂഷണം തടയുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെങ്ങന്നൂർ താലൂക്കിൽ ആകെ 254 കേസുകൾ കണ്ടെത്തുകയും 9,95,500/-രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ് രൂപ) രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ